എം.മുകുന്ദൻ

# വിശ്വാസം വീണ്ടെടുക്കുന്ന കഥകൾ

ഒരു നല്ല കഥ എങ്ങനെ എഴുതണമെന്ന് പഠിപ്പിക്കുന്ന പഠപുസ്തകങ്ങൾ ഒന്നുപോലുമില്ല. പക്ഷേ ആഴത്തിലുള്ള വായനയിലൂടെയും മനനത്തിലൂടെയും കഥാകൃത്തിന് സ്വയം ഒരു നിഗമനത്തിൽ എത്തിച്ചേരാൻ കഴിയും. കാരൂർ മുതൽ റെയിമണ്ട് കാർവർ വരെയുള്ള കഥാകാരന്മാരുടെ രചനകൾ വായിച്ച് പഠിച്ചിട്ടാണ് ഒരു കഥ എങ്ങനെ ഒരു നല്ല കഥയാകുന്നുവെന്ന കാര്യത്തിൽ ഞാൻ ചില നിഗമനങ്ങളിൽ എത്തിച്ചേർന്നത്. എന്റെ കഥാ പാരായണത്തിന്റെ പരിസരത്തിൽ നിന്നുകൊണ്ട് ഒരു കാര്യം എനിക്ക് അസന്ദിഗ്ധമായി പറയാൻ കഴിയും - കഥയിൽ ഒരു കഥയും മിഴിവാർന്ന കഥാപാത്രങ്ങളും ഉണ്ടാകണം. ഭാഷകൊണ്ടും ആശയങ്ങൾ കൊണ്ടും നമുക്ക് പല അന്വേഷണങ്ങളും നടത്താം. പക്ഷേ കഥയിൽ കരുത്തരായ കഥാപാത്രങ്ങൾ ഉണ്ടാകുക തന്നെ വേണം.

ഇത് നോവലിനും ബാധകമാണ്. ഒ.വി വിജയന്റെ ഖസാക്കിന്റെ ഇതിഹാസത്തിന്റെ ആദ്യത്തെ കൈയെഴുത്തുപ്രതി വായിച്ചിട്ട് മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപർ എൻ.വി കൃഷ്ണവാരിയർ പറഞ്ഞത്, അതിലെ കേന്ദ്ര കഥാപാത്രത്തിന് മിഴിവ് പോര എന്നാണ്. വിജയൻ ഖസാക്കിന്റെ പുനർരചനയിൽ രവിയെ ശക്തിപ്പെടുത്തുകയുണ്ടായി. അങ്ങനെ രവി ഒരു അനശ്വര കഥാപാത്രമായിത്തീർന്നു.

ഫിക്ഷനിൽ കഥയ്ക്കും കഥാപാത്രങ്ങൾക്കുമുള്ള പ്രാധാന്യത്തെ ചോദ്യം ചെയ്തുകൊണ്ട് പല തരത്തിലുള്ള രചനാരീതികൾ യൂറോപ്പിൽ വികസിച്ചു വരികയുണ്ടായി. ഫ്രാൻസിൽ നഥാലി സരോത്ത്, ക്ലോദ് സിമോൻ എന്നിവർ ഈ രീതിയിലാണ് എഴുതിയത്. അവരുടെ രചനകൾ അക്കാദമിക് തലത്തിൽ മാത്രമാണ് ശ്രദ്ധിക്കപ്പെട്ടത്. ക്ലോദ് സിമോന് നൊബേൽ പുരസ്കാരം കിട്ടുകയും ചെയ്തു. പക്ഷേ അവരുടെ രചനകൾ അക്കാദമിക് മണ്ഡലത്തിനപ്പുറത്തുള്ള വായനക്കാരുടെ ഇടയിൽ അറിയപ്പെട്ടിരുന്നില്ല.

അതുകൊണ്ട് പുതിയ എഴുത്തുകാർക്ക് എങ്ങനെ കഥയും നോവലും എഴുതണമെന്ന കാര്യത്തിൽ നിർദേശങ്ങൾ നൽകാൻ ബുദ്ധിമുട്ടാണ്. കഥാകൃത്തുക്കൾ ഈ വിഷയത്തിൽ വായിച്ചും പഠിച്ചും സ്വയം അവരുടെ വഴികൾ കണ്ടെത്തണം. എന്നെപ്പോലുള്ള പ്രായമായ എഴുത്തുകാരുടെ അനുഭവങ്ങൾ പരിചയപ്പെടുന്നത് സഹായകമാകും.

ഒരു കാര്യം കൂടി. കഥയിൽ സമൂഹമുണ്ടാകണം. ഇല്ലെങ്കിൽ ഉയർന്ന വിദ്യാഭ്യാസവും പ്രബുദ്ധമായ രാഷ്ട്രീയാവബോധവും വെച്ചു പുലർത്തുന്ന നമ്മുടെ വായനക്കാരുടെ ഹൃദയത്തിൽ എഴുത്തുകാരന് സ്ഥാനം ലഭിക്കുകയില്ല.

## സംഭാഷണങ്ങൾ കഥയുടെ ആന്തരിക ശക്തി

**മൂങ്ങ -ശിവദാസൻ എ.കെ**

മൂങ്ങ പാർശ്വവൽക്കരിക്കപ്പെട്ട ഒരു പക്ഷിയാണ്. മാടപ്രാവിനെക്കുറിച്ചും പച്ചപ്പനന്തത്തയെക്കുറിച്ചുമൊക്കെ നമ്മൾ എഴുതാറുണ്ട്. പക്ഷേ മൂങ്ങയെ നമുക്ക് വേണ്ടായിരുന്നു. അതുകൊണ്ട് വളരെ താൽപര്യത്തോടെയാണ് ഈ കഥ വായിച്ചത്. അങ്ങനെ വായിക്കാനുള്ള മറ്റൊരു കാരണം, ഇനിയും അറിയപ്പെട്ടു തുടങ്ങിയിട്ടില്ലാത്ത ഒരു പുതിയ കഥാകൃത്തിന്റെ രചനയാണ് ഇത് എന്നതാണ്. മറ്റെല്ലാവരും പ്രതികരിക്കാതെ കാഴ്ചക്കാരായി നിൽക്കുമ്പോൾ ഒരു പ്രാവ് വന്ന് കുറ്റവാളിയുടെ മൂർധാവിൽ കൊത്തുന്ന പ്രശസ്തമായ ഒരു കഥ മലയാളത്തിൽ ഉണ്ടല്ലോ. അതും ഒരു കാരണം.

ഒരു കഥയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം അതിന്റെ തുടക്കമാണ്. അത് കഥാകൃത്ത് എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നത് കഥയുടെ വിജയത്തെ നിർണയിക്കുന്ന ഒരു ഘടകമാണ്. ഈ കഥയുടേത് ഗംഭീരമായ ഒരു തുടക്കമാണ്. ഒരു മൂങ്ങപ്പാവയെ കൈയിൽ പിടിച്ചു നിൽക്കുന്ന കൊച്ചു പെൺകുട്ടിയെ യഥാർത്ഥ മൂങ്ങ ശ്രദ്ധിക്കുന്നു. തന്റെ രൂപത്തിലുള്ള ഒരു പാവയെ ഒരു പെൺകിടാവിന്റെ കൈയിൽ കാണുമ്പോൾ ജീവനുള്ള മൂങ്ങയുടെ വികാരവിചാരങ്ങൾ എന്തായിരിക്കും?

ഇതിലെ മറ്റൊരു കഥാപാത്രം "കരിങ്കറുപ്പിൽ വെട്ടിത്തിളങ്ങുന്ന വരകളുമായി ഒരു തൂണിന്റെ നിഴലിൽ അലസനായി കിടക്കുന്ന" ഒരു പാമ്പാണ്. രണ്ട് ദിവസത്തിലേറെയായി പട്ടിണി കിടക്കുന്ന മൂങ്ങയുടെ കൺവെട്ടത്തിൽ പാമ്പ് കടന്നുവരുന്നു. അത് സുഭിക്ഷ



മായ ഒരു ഇരയാണ്. അതിനെ തന്റെ കൂർത്ത നഖങ്ങളുള്ള കാലുകളിൽ കോർത്തെടുത്ത് ഉയർന്നു പറക്കാൻ അവസരം കാത്തുനിൽക്കുമ്പോഴാണ് കഥ അവിചാരിതമായ ഒരു വഴിയിലേക്ക് നീങ്ങുന്നത്.

മൂങ്ങയ്ക്കും പാമ്പിനും പെൺകുട്ടിക്കും പുറമെ അവളുടെ ദുർനടപ്പുകാരിയായ അമ്മയും കഞ്ചാവ് വലിക്കാരനായ അച്ഛനും കഥാപാത്രങ്ങളായുണ്ട്. അച്ഛനും കഞ്ചാവ് കച്ചവടക്കാരനും



രാവിന്റെ ഇരുളിൽ തെരുവിൽ വഴക്കടിക്കുന്നു. അമ്മയെ പൊലീസ് വാൻ പൊക്കിക്കൊണ്ടുപോകുന്നു. പെൺകിടാവിന് രാത്രി ചെലവഴിക്കാൻ പീടികക്കോലായ മാത്രം ശരണം. അവിടെ അവൾ ഒട്ടും സുരക്ഷിതയല്ല....

മനുഷ്യ നന്മയെ ഉയർത്തിപ്പിടിക്കേണ്ടത് മനുഷ്യൻ തന്നെയാണ്. പക്ഷേ ഇവിടെ മനുഷ്യൻ തന്റെ ദൗത്യ നിർവഹണത്തിൽ പരാജയപ്പെടുന്നു. മനുഷ്യൻ തോറ്റയിടത്ത് മൂങ്ങയും പാമ്പും വിജയിക്കുന്നു.

കഥ നല്ലത്. ഒരു നിർദേശം മാത്രം. എന്തുകൊണ്ടാണ് ഈ കഥയിൽ ഒരു സംഭാഷണം പോലും ഇല്ലാത്തത്? ആഖ്യാനം മാത്രമാണ് ഇതിലുള്ളത്. സംഭാഷണങ്ങൾ ഇല്ല. കഥാപാത്രങ്ങൾ തമ്മിലുള്ള ഭാഷണങ്ങൾ കഥയെ ആന്തരികമായി ശക്തിപ്പെടുത്തും.

# ആത്മാവിന്റെ പുസ്തകം

**ആഫ്രിക്കൻ മൊയ്യുകൾ സാത്താന്റെ കരുക്കൾ**
**ഉദയശങ്കർ**

കഥകൾ പലവിധങ്ങളിലുണ്ട്. ആഴത്തിൽ വായിക്കേണ്ട കഥകളും അലസമായി വായിക്കേണ്ട കഥകളുമുണ്ട്. ചില കഥകൾ പുനർ വായന ആവശ്യപ്പെടുന്നു. കാരൂരിനെ പോലെയോ എസ്. കെ പൊറ്റെക്കാടിനെ പോലെയോ ലളിതമായി എഴുതുന്ന കഥാകൃത്തുക്കളുടെ എണ്ണം ഇപ്പോൾ കുറഞ്ഞുവരികയാണ്. പല കഥകളും വായിച്ചു മുഴുമിക്കാൻ വലിയ അധ്വാനം തന്നെ വേണം.

അൽപ്പം അധ്വാനിച്ച്, മനസ്സിരുത്തി വായിക്കേണ്ട ഒരു കഥയാണ് ആഫ്രിക്കൻ മൊയ്യുകൾ സാത്താന്റെ കരുക്കൾ. ആയുസ്സിന്റെ പുസ്തകം, ജീവിതത്തിന്റെ പുസ്തകം, ദൈവത്തിന്റെ പുസ്തകം എന്നീ പേരുകളിൽ മൂന്നു നോവലുകൾ ഭാഷയിലുണ്ട്. ഉദയശങ്കറിന്റെ കഥയിലും അങ്ങനെ ഒരു പുസ്തകമുണ്ട്- ആത്മാവിന്റെ പുസ്തകം. ഈ പുസ്തകത്തിന്റെ ചട്ട മനുഷ്യന്റെ ചർമം കൊണ്ട്



ലാമിനേറ്റ് ചെയ്തതാണ്. "ആരുടെ കൈയും മനസ്സും എത്താത്തൊരിടത്ത് ഒളിഞ്ഞു കിടപ്പായിരുന്ന" ആ പുസ്തകത്തെ സിസ്റ്റർ ആഗ്നസാണ് കണ്ടെത്തിയത്. "നിശ്ശബ്ദയും ഉൾവലിഞ്ഞവളുമായ നീ തുറന്ന കണ്ണുകളോടെയാണ് ജനിച്ചത്. ആഗ്നസേ, നീ കാലത്തിന്റെ ചിഹ്നങ്ങൾ കാണിക്കുമെന്ന് പിറന്ന് വീണപ്പോഴെ ഞങ്ങൾക്ക് ഉറപ്പായിരുന്നു." പുസ്തകത്തിന്റെ പ്രതിപാദ്യ വിഷയം അർത്ഥശൂന്യമായിരുന്നുവെന്ന് കഥാകൃത്ത് പറയുന്നു.

രക്തമൊലിക്കുന്ന ഒരു പ്രതിമയെക്കുറിച്ചും കഥയിൽ പരാമർശമുണ്ട്. ക്രൈസ്തവ പുരാണങ്ങളും മിത്തുകളും പരിചയമുള്ളവർക്ക് ഈ രചനയിലെ അർത്ഥവിതാനങ്ങൾ തിരിച്ചറിയാൻ എളുപ്പമായിരിക്കും. ഹൈന്ദവ മിത്തുകളിലും ഇതുപോലുള്ള സങ്കൽപ്പങ്ങളുണ്ട്. സ്ഥലപുരാണത്തിൽ നിണമൊഴുകുന്ന പ്രതിമയെക്കുറിച്ച് പറയുന്നുണ്ട്. നിണം പൊടിയുന്ന പ്രതിമ പ്രാക്തനമായ ആചാരങ്ങളെക്കുറിച്ചും വിശ്വാസങ്ങളെക്കുറിച്ചുമുള്ള സൂചകമാണ്. സുഭദ്ര ചന്ന എഡിറ്റ് ചെയ്ത "കോസ്മോളജി, ബിലീഫ്സ് ആന്റ് മിത്ത്സ്" എന്ന പുസ്തകത്തിൽ രക്തമൊലിക്കുന്ന പ്രതിമയെക്കുറിച്ച് വിശദമായ ഒരു പഠനം ഉള്ളതായി ഞാൻ ഓർക്കുന്നു. ഉദയശങ്കർ നിണം വീഴ്ത്തുന്ന പ്രതിമക്ക് ഒരു പുതിയ മാനം നൽകുന്നു. "പ്രതിമയുടെ രക്തം ഡോക്ടർ ജോസ് പുളിക്കൻ പരിശോധിച്ചപ്പോൾ അത് ബി.ഗ്രൂപ്പിൽപ്പെട്ട മനുഷ്യരക്തം തന്നെയെന്ന് സാക്ഷ്യപ്പെടുത്തുന്നു." കഥാകൃത്ത് പറയുന്നു.

വിശുദ്ധ അമ്മ മറിയത്തിന്റെ മുറിവ് പോലെ തന്നെ സിസ്റ്റർ ആഗ്നസിന്റെ ഉടലിലും ഒരു മുറിവുണ്ടാകുന്നുണ്ട്. ഈ കഥയിലെ ചെകുത്താന്റെ ചുണ്ടുകൾ വെള്ളനിറത്തിലും നാവ് പച്ച നിറത്തിലുമുള്ളതാണ്. അങ്ങനെ കുറേ കാര്യങ്ങൾ ഈ കഥയിലുണ്ട്. ഇല്ലാത്തത് വ്യക്തതയാണ്.

# കഥയുടെ നിറം കറുപ്പ്

**ബ്ലാക്ക്മാൻ**
**ജേക്കബ് എബ്രഹാം**

ഈ കഥ വായിക്കുവാൻ മാത്രമല്ല, കാണുവാനുള്ളതു കൂടിയാണ്. ദൃശ്യങ്ങൾ ചേർന്നുകിടക്കുന്ന രചനാ രീതിയാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. കഥാകൃത്ത് ഈ കഥ നന്നായി എഡിറ്റ് ചെയ്തിട്ടുമുണ്ട്. ആവശ്യത്തിനു

പുറത്തുള്ള വാക്യങ്ങളോ ബിംബങ്ങളോ ഇതിൽ കാണുകയി
ഒരു ചാണകക്കുഴിയെ കോറിയിട്ട് കാണിച്ചുകൊണ്ടാണ് ക
കൃത്ത് കഥ തുടങ്ങുന്നത്. ബ്ലാക്ക്മാൻ ബ്ലാക്ക്മാൻ എന്ന വ
ദൂരെ കേൾക്കാം. സ്പൈഡർമാന്റെയോ സൂപ്പർമാന്റെയോ ക
പോലുള്ള ഒന്നാണ് ഇതെന്ന് പെട്ടെന്ന് തോന്നിപ്പോകും. എന്ന
അങ്ങനെയുള്ള ഒരു കഥയല്ല ഇത്. ബ്ലാക്ക്മാൻ എന്ന പേര് ന
കുന്ന ആശയക്കുഴപ്പമാണത്. "പ്രാണഭയവും വിശപ്പും സങ്കട

ശിവദാസൻ.എ.കെ

ചിത്രീകരണം: മുഖ്താർ ഉദരംപൊയിൽ






മൂങ്ങ അവിടെ രണ്ട് പേരെ മാത്രമെ ശ്രദ്ധിക്കുന്നുള്ളൂ.

ഒന്ന് അതിനെ കബളിപ്പിച്ച് നിഴലിലും വെളിച്ചത്തിലും ഇടയ്ക്കിടക്ക് പ്രത്യക്ഷപ്പെടുന്ന പാമ്പിനെ. രണ്ട്, ഒരു കൊച്ചു പെൺകുട്ടിയെ. മനുഷ്യരുടെ കാര്യത്തിൽ മൂങ്ങ തികച്ചും ഉദാസീനനായിരുന്നു. എന്നിട്ടും ഈ പെൺകുട്ടി. അതിനൊരൊറ്റ കാരണമെ ഉണ്ടായിരുന്നുള്ളൂ. മൂങ്ങ അവളെ കാണുന്ന നേരം മുതൽ അവളുടെ കയ്യിൽ ആ പ്ളാസ്റ്റിക് പാവയുണ്ട്. ഒരു മൂങ്ങയുടെ പാവ. ഉറങ്ങുമ്പോഴും, കളിക്കുമ്പോഴുമെല്ലാം അതവളുടെ കൂടെയുണ്ടായിരുന്നു. നിധി പോലെ.

മുങ്ങ ഇവിടുത്തെ പുതിയ അന്തേവാസിയാണ്. പകൽസമയത്ത് അത് ബസ് സ്റ്റാന്റിനോരത്ത് അടർന്നു വീഴാറായ പഴയ കെട്ടിടത്തിൽ അള്ളിപ്പിടിച്ചിരിക്കും. രാത്രി വിജനമാണ് എന്ന് തോന്നി. എവിടുത്തെയും പോലെ തന്നെ.

ഒരു കൂടുമാറ്റം. പുതിയൊരു വാസസ്ഥലം. ഒരിക്കലും പ്രതീക്ഷിക്കാത്തതായിരുന്നു.

തന്റെ തലമുറകൾ ജീവിച്ചു പോന്ന അരയാലിനോളം വലുപ്പമുള്ളതായി മറ്റൊന്നുമില്ല എന്ന് അത് കരുതിയിരുന്നു.

പകലിന്റെ ആലസ്യത്തിൽ നിന്ന് രാത്രിയിലേക്കൊരുണരൽ. രാത്രി മൂക്കുമ്പോൾ തിളങ്ങാൻ തുടങ്ങുന്ന കണ്ണുകൾ. അപ്പോൾ ആകാശമരിച്ചിട്ട നിഴലുകൾക്ക് ജീവൻ വെയ്ക്കും. അത് അമ്മയെ കബളിപ്പിച്ച് ഊരു ചുറ്റാനിറങ്ങിയ എലിക്കുഞ്ഞാകാം. അല്ലെങ്കിൽ വിശപ്പിന്റെ ആലസ്യത്തിൽ മന്ദം മന്ദം ഇഴഞ്ഞുപോകുന്നൊരു പാമ്പ്. ആരായാലെന്ത്? വേട്ടക്കാരനും വിരുന്നുകാരനും മൂങ്ങക്കൊരു പോലെയാണ്. പിന്നെയുമുണ്ട്, പകലിന്റെ കണ്ണുമായ് ഇറങ്ങി നടക്കുന്നവർക്ക് താക്കീതായി ഇരുത്തിയൊരു മൂളൽ. കഴിഞ്ഞു. ഇത്രയേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ സംഭവിച്ചതെന്താണ്?

എന്നത്തെയും പോലെയായിരുന്നു ആ ദിവസവും. അരയാലിന്റെ ഇടതൂർന്ന ഇലകളെ താലോലിച്ച് വെയിൽ സ്വർണനൂലുകൾ മെടഞ്ഞിടാൻ തുടങ്ങിയിരുന്നു. പ്രഭാതം കുടഞ്ഞിട്ട തണുപ്പിൽ പൊതിഞ്ഞ് മയങ്ങാൻ തുടങ്ങുമ്പോഴാണ് അപരിചിതമായ ഒരിരമ്പം നിരവധി യന്ത്രക്കൈകളായി അരയാലിനെ പൊതിഞ്ഞത്. കൊടുങ്കാറ്റിനെ വരവേറ്റ് തലയുയർത്തി നിന്ന കൊമ്പുകൾ അടർന്നു വീഴാൻ തുടങ്ങി. ആകാശത്തിലേക്ക് എടുത്തെറിയപ്പെട്ട പോലെയായിരുന്നു പലായനം. പിന്നിൽ വലിയ രോദനമായി തകർന്നു വീഴുന്ന മഹാവൃക്ഷം. നിറുത്താതെ പറന്നു, എവിടേക്കെന്നില്ലാതെ. ഒടുവിൽ ചിറകു കുഴഞ്ഞപ്പോൾ താണിറങ്ങിയത് ഇവിടേക്കാണ്.

മൂങ്ങയുടെ മങ്ങിയ കാഴ്ചക്കുമുന്നിൽ പൊടി പിടിച്ചൊരു പകൽ ചുട്ടു കിടന്നു. രാത്രി തുടങ്ങിയപ്പോൾ ആദ്യം കണ്ടത് അവനെയാണ്. കരിങ്കറുപ്പിൽ വെട്ടിത്തിളങ്ങുന്ന വരകളുമായി ഒരു തൂണിന്റെ നിഴലിൽ അലസനായി കിടക്കുകയായിരുന്നു പാമ്പ്. അവനുള്ളിടത്തോളം


MURALI



താൻ പട്ടിണിയാവില്ല എന്ന് മൂങ്ങക്കു തോന്നി. ഈ സ്ഥലം മൂങ്ങകൾക്കു കൂടി പറ്റിയതാണ് എന്നും.

രാത്രിയിൽ ഉണർന്നിരിക്കുന്നവർ താൻ മാത്രമല്ല എന്ന് മൂങ്ങ കണ്ടു. തലയിൽ മുല്ലപ്പൂ ചൂടിയ തടിച്ച സ്ത്രീ ആ പെൺകുട്ടിയുടെ അമ്മയാണ്. ഇറക്കി വെട്ടിയ ബ്ലൗസിൽ കറുത്ത യൗവനം തിളക്കുന്നു. എല്ലാ ആൺനോട്ടങ്ങൾക്കു മുന്നിലും അവൾ സ്വയം പരസ്യപ്പെടുത്തി. സദാ ജാഗരൂഗനായിരിക്കുന്ന ഒരാൾക്ക് ഇതൊന്നും കാണാതെ വയ്യ. താല്പര്യമില്ലെങ്കിൽപ്പോലും.

വഴക്കായിരുന്നു ബസ് സ്റ്റാന്റിന്റെ സ്വഭാവം. അരയാലിൻ കൊമ്പിലെ രാത്രിയുടേതു പോലല്ല ഇവിടെ. മൂങ്ങയുടെ മൂളലിൽ പേടിക്കുന്നവരുമില്ല.

ആദ്യദിവസത്തെ വഴക്ക് ആ സ്ത്രീയും അവളുടെ ഭർത്താവും തമ്മിലായിരുന്നു.മെലിഞ്ഞു നീണ്ട അയാൾ ഒരു കഞ്ചാവ് കച്ചവടക്കാരനിൽ നിന്നും കഞ്ചാവ് വാങ്ങിക്കുന്നതിന് പണമാവശ്യപ്പെടുകയായിരുന്നു. അവൾ കൊടുക്കാനുള്ള ഭാവമില്ല. അയാൾ അവളുടെ മുടിക്ക് കുത്തിപ്പിടിച്ച് നിലത്തിട്ടു ചവിട്ടി. പെൺകുട്ടി പേടിച്ച് നിലവിളി തുടങ്ങി. കറുത്തു കുറുകിയ കഞ്ചാവ് കച്ചവടക്കാരന്റെ കണ്ണുകൾ പെൺകുട്ടിക്കു മേലെയായിരുന്നു എന്ന് മൂങ്ങ കണ്ടു.മറ്റൊന്നും അതിന് മനസ്സിലായില്ല. അതൊരു വല്ലാത്ത നോട്ടമായിരുന്നു. മൂങ്ങ അതിന്റെ ഇരയെ നോക്കുന്നതു പോലെ.

രണ്ടാമത്തെ രാത്രിയിലും പാമ്പ് ഒരു മിന്നലാട്ടം നടത്തി. രണ്ടു ദിവസമായി മൂങ്ങ പട്ടിണിയിലാണ്. ആകെയൊരു പ്രതീക്ഷ ഈ പാമ്പാണ്. മറ്റൊരിരയും അതിന്റെ കണ്ണിൽ കൊരുത്തില്ല. മറ്റെവിടേക്കെങ്കിലും പോകാമെന്ന് അതിന് തോന്നിയില്ല. ഇവിടെ ഒരു പാമ്പെങ്കിലുമുണ്ട്.

രണ്ടാം ദിവസത്തെ രാത്രിയും കലഹത്തിന്റേതായിരുന്നു.

അന്ന് പെൺകുട്ടിയുടെ അച്ഛനും കഞ്ചാവ് കച്ചവടക്കാരനും തമ്മിലാണ്.പ്രശ്നം ഒരു പൊതി കഞ്ചാവോ കൊടുക്കാനുള്ള കാശോ ആകാം. ഒച്ച കേട്ട് നോക്കുമ്പോൾ രണ്ട് പേർ ഉരുണ്ട് മറിയുകയായിരുന്നു. കറുത്ത സ്ത്രീ അവരെ പിടിച്ചു മാറ്റാൻ വിഫലമായി ശ്രമിക്കുന്നുണ്ട്. കയ്യിൽ

കിട്ടിയ കല്ലു കൊണ്ട് കഞ്ചാവ് കച്ചവടക്കാരൻ മറ്റെയാളെ ഇടിക്കുന്നത് കണ്ടു. തല പൊട്ടി ചോരയൊഴുകുന്നു. കോലാഹലത്തിലേക്ക് പെട്ടെന്നാണ് ഒരു പൊലീസ് ജീപ്പെത്തിയത്. കഞ്ചാവു കച്ചവടക്കാരനും സ്ത്രീയും എവിടേക്കോ പിൻവാങ്ങിയിരിക്കുന്നു. മുറിവേറ്റവനെ കയറ്റി ആ ജീപ്പ് പോകുന്നതു കണ്ടു. നിലത്തു ചിതറിയ ചോര പൊലീസ് ജീപ്പിന്റെ ചുവന്ന ലൈറ്റിൽ ഒട്ടിയിരുന്ന് അകന്നു പോയി.

രാത്രി വൈകിയപ്പോൾ പെൺകുട്ടിയുടെ അമ്മയോട് സംസാരിക്കുന്ന ചിലർ അവളെ കൂട്ടി ഇരുട്ടിലേക്ക് മറയുന്നത് മൂങ്ങ കണ്ടു. അപ്പോഴെല്ലാം പെൺകുട്ടി തനിച്ചാണ്. നിശ്ശബ്ദമായി മയങ്ങുന്ന അവൾ ആ മൂങ്ങപ്പാവയെ നെഞ്ചോട് ചേർത്തിരിക്കുന്നത് എത്ര കരുതലോടെയാണ്. മൂങ്ങയ്ക്ക് എന്തിനെന്നറിയില്ല. ആ പാവയോട് അസൂയ തോന്നാൻ തുടങ്ങിയിട്ടുണ്ട്.

മൂന്നാം ദിവസം മൂങ്ങ വല്ലാതെ പരിക്ഷീണിതനായിരുന്നു. അതിന്റെ കണക്കുകൂട്ടലുകൾ തെറ്റിയിരുന്നു. കണ്ണുകളിലെ മൂർച്ച തിളക്കമറ്റ് ഇരുട്ടിൽ അലിയാൻ തുടങ്ങി. ഇന്നു കൂടി കഴിഞ്ഞാൽ ഒരു പാമ്പിനെ പറന്നാക്രമിക്കുന്നതിനുള്ള ശേഷി തനിക്കുണ്ടാകില്ല എന്ന് അതിന് നന്നായറിയാം. അതിന്റെ ജീവിതത്തിലൊരിക്കലും ഒരു പാമ്പ് അതിനെ മൂന്ന് ദിവസം കബളിപ്പിച്ചിട്ടില്ല.

ബസ്സ് സ്റ്റാന്റിലെ ഒരു കടത്തിണ്ണയുടെ ഔദാര്യത്തിൽ പെൺകുട്ടി ഉറങ്ങാൻ തുടങ്ങി. തന്നെ തേടിയെത്തിയവരോടൊപ്പം അവളുടെ അമ്മ ഇരുട്ടിലേക്കലിയുകയും വീണ്ടും പ്രത്യക്ഷപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. രാത്രി വിശ്രമമില്ലാതെ വളർന്നുകൊണ്ടിരുന്നു. ഉറക്കം തൂങ്ങി നിൽക്കുന്ന വിളക്കുകാലുകൾക്കു കീഴെ നിഴലുകൾ അലഞ്ഞു നടന്നു. അതിനിടയിലേക്കാണ് വീണ്ടും ആ പൊലീസ് ജീപ്പെത്തിയത്. വാരിച്ചുറ്റിയ തുണികളുമായി



പെൺകുട്ടിയുടെ അമ്മ പൊലീസ് ജീപ്പിലിരിക്കുന്നത് മൂങ്ങ കണ്ടു. അവളുടെ ആവലാതികൾ മൂങ്ങയുടെ കാതുകൾക്കും അപ്പുറത്താണ്. ആരും അത് ചെവിക്കൊള്ളുന്നില്ല. അവളുടെ വിയർപ്പ് മണം മാത്രം അവശേഷിപ്പിച്ച് ജീപ്പ് അകന്ന് പോയിരിക്കുന്നു. ഇതൊന്നുമറിയാതെ പെൺകുട്ടി നല്ല ഉറക്കത്തിലാണ്.

പൊലീസ് ജീപ്പ് മറഞ്ഞ് അല്പം കഴിഞ്ഞു കാണണം. മൂങ്ങയുടെ മുഴുവൻ പ്രതീക്ഷകളുമുയർത്തി അവൻ പ്രത്യക്ഷപ്പെട്ടു. അവളുറങ്ങുന്ന അതേ വരാന്തയുടെയോരത്ത്. അവൻ അവൾക്കഭിമുഖമായി ഇഴയുകയായിരുന്നു. കരിങ്കറുപ്പുനിറത്തിനുമേൽ വളയിട്ട പോലെ കുറുങ്ങനെയുള്ള വെള്ളിവരകൾ തിളങ്ങി. ത്രികോണാകൃതിയിലുള്ള തലയിൽ ഒട്ടിച്ചു വെച്ച വൈഢ്യൂര്യം പോലെ കണ്ണുകൾ.

ഇത്രയും ഭംഗിയോടെ, വ്യക്തമായി ഇതാദ്യമായാണ്. മൂങ്ങയുടെ മുഴുവൻ ശ്രദ്ധയും അവനിലാണ്. ഇതതിന്റെ അവസാനത്തെ പ്രതീക്ഷയാണ്. ചുണ്ട് കൂർപ്പിച്ച് ചിറകൊതുക്കി എതിരാളിക്ക് ഒരു മുന്നറിയിപ്പും നൽകാതെ കുതിക്കാനൊരുങ്ങിയപ്പോഴാണ് മൂങ്ങ മറ്റൊരു കാഴ്ചയിലേക്ക് വഴുതിപ്പോയത്.

ഉറങ്ങിക്കിടക്കുന്ന പെൺകുട്ടിക്കു നേരെ പതുങ്ങി നീങ്ങുന്ന മറ്റൊരു രൂപം.അത് കഞ്ചാവ് കച്ചവടക്കാരനാണ് എന്ന് മൂങ്ങ തിരിച്ചറിഞ്ഞു. പാമ്പും അവിടേക്ക് തന്നെയാണ് ഇഴയുന്നത്. തന്റെ കണ്ണിന്റെ ജാഗ്രതയിൽ നിന്നും ഇര കുതറിമാറുന്നത് മൂങ്ങ നിസ്സഹായതയോടെ അറിഞ്ഞു. പെൺകുട്ടിയുടെ നേരെ പതുങ്ങി നീങ്ങുന്ന കഞ്ചാവു കച്ചവടക്കാരനെ അതിന് ശ്രദ്ധിക്കാതിരിക്കാനായില്ല.

അയാൾ ഇപ്പോൾ കുറെക്കൂടി അടുത്തെത്തിയിരിക്കുന്നു. നിവർന്നു നിൽക്കുമ്പോൾ സ്വയം വളർന്നു പൊങ്ങുന്ന ഭൂതരൂപം പോലെ. ഒരടി മുന്നോട്ടു വെച്ചു കാണണം മൂങ്ങയെ ഞെട്ടിച്ചുകൊണ്ട് പാമ്പ് അയാളെ കടിച്ചു. അപരിചിതമായ വേദനയുടെ പൊരുൾ തേടി അലഞ്ഞ അയാളുടെ കണ്ണുകൾ പാമ്പിൽ പതിയുന്നതും, നിലവിളിയോടെ അയാൾ പിൻതിരിഞ്ഞു പോകുന്നതും മൂങ്ങ കണ്ടു.

**അയാൾ ഇപ്പോൾ കുറെക്കൂടി അടുത്തെത്തിയിരിക്കുന്നു. നിവർന്നു നിൽക്കുമ്പോൾ സ്വയം വളർന്നു പൊങ്ങുന്ന ഭൂതരൂപം പോലെ. ഒരടി മുന്നോട്ടു വെച്ചു കാണണം മൂങ്ങയെ ഞെട്ടിച്ചുകൊണ്ട് പാമ്പ് അയാളെ കടിച്ചു. അപരിചിതമായ വേദനയുടെ പൊരുൾ തേടി അലഞ്ഞ അയാളുടെ കണ്ണുകൾ പാമ്പിൽ പതിയുന്നതും, നിലവിളിയോടെ അയാൾ പിൻതിരിഞ്ഞു പോകുന്നതും മൂങ്ങ കണ്ടു.**

അടുത്ത നിമിഷം. സർവശക്തിയുമെടുത്ത് മൂങ്ങ പാമ്പിന്റെ മുന്നിലേക്ക് പറന്ന് വീണു. പാമ്പ് മൂങ്ങയെക്കണ്ട് ഒളിക്കാനൊരു ശ്രമവും നടത്തിയില്ല. തെല്ല് നിസ്സംഗതയോടെ അത് ഒരു പൂർണ്ണവളയമായി ചുരുങ്ങി. അല്പ നേരം കഴിഞ്ഞ് മൂങ്ങ പാമ്പിനെ നോക്കി പുഞ്ചിരിച്ചു. പക്ഷിമൃഗാദികൾ പുഞ്ചിരിക്കില്ല എന്നും, മൂങ്ങയും പാമ്പും ബദ്ധശത്രുക്കളാണെന്നുമുള്ള ധാരണകൾ ആരായാലും തിരുത്തിയെ പറ്റൂ എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ■

